ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME:** 06.30 PM **DATE:** 22.10.2024

## പ്രധാനവാർത്തകൾ

1. 16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യയിലെത്തി. റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായ രീതിയിൽ പരിഹരിക്കണമെന്ന് റഷ്യൻ പ്രസിഡൻറുമായി നടത്തിയ കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി.
2. എന്റെ ഭൂമി സംയോജിത പോർട്ടലിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ അൽപസമയത്തിനകം നിർവ്വഹിക്കും.
3. വയനാട്, പാലക്കാട്, ചേലക്കര ഉപതിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ
4. എഡിഎം നവീൻ ബാബുവിൻറെ മരണത്തിൽ സമഗ്രമായ അന്വേഷണം നടക്കുന്നതായും കുറ്റവാളികളെ സർക്കാർ സംരക്ഷിക്കില്ലെന്നും റവന്യൂ മന്ത്രി കെ രാജൻ.
5. ഭൂജലസ്രോതസുകളുടെ സമ്പൂർണ്ണ വിവരശേഖരണ പരിപാടിയായ വെൽ സെൻസസിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിച്ചു.

RNU TVPM

**6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ എഫ്.സി – ഈസ്റ്റ് ബംഗാളിനെ നേരിടും.**

**&&&&&&&&&&&&&&&&&&&**

പ്രധാനമന്ത്രി-റഷ്യ (ഇൻട്രോ)

16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി റഷ്യയിലെ കസാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്. റഷ്യൻ പ്രസിഡൻറ് വ്ളാഡിമർ പുടിനുമായി പ്രധാനമന്ത്രി ഇന്ന് ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. റഷ്യ-യുക്രൈൻ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്ന ഇന്ത്യയുടെ നിലപാട് അദ്ദേഹം കൂടിക്കാഴ്ചയിൽ ആവർത്തിച്ചു. ബ്രിക്സ് ഉച്ചകോടിക്കായി കസാൻ നഗരം സന്ദർശിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ്)

കസാനിലെ ഇന്ത്യൻ സമൂഹത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. ആഗോള വികസന അജണ്ട, കാലാവസ്ഥാ വ്യതിയാനം, സാമ്പത്തിക സഹകരണം തുടങ്ങി വിവിധ വിഷയങ്ങളിലെ സുപ്രധാന ചർച്ചകളാണ് ബ്രിക്സ് ഉച്ചകോടിയിൽ നടക്കുക.

RNU TVPM

&&&&&&&&&&&&&&&&&&

## എന്റെ ഭൂമി

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ദൗത്യപ്രഖ്യാപനത്തിന്റെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച എന്റെ ഭൂമി സംയോജിത പോർട്ടലിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് അൽപസമയത്തിനകം നിർവ്വഹിക്കും. രാജ്യത്തെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ് ഇതിലൂടെ യാഥാർത്ഥ്യമാകുന്നത്.

ഭൂമിയുടെ കൈമാറ്റം, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂനികുതി അടവ്, ന്യായവില നിർണയം, തരംമാറ്റം തുടങ്ങി നിരവധി സേവനങ്ങൾ എന്റെ ഭൂമി പോർട്ടൽ വഴി ലഭിക്കും.

RIJU TVPM

കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ തുടക്കം കുറിക്കുന്ന എന്റെ ഭൂമി പോർട്ടൽ മൂന്ന് മാസത്തിനകം ഡിജിറ്റൽ സർവെ പൂർത്തിയായ 212 വില്ലേജുകളിലും ലഭ്യമാകും.

&&&&&&&&&&&&&&&&&&

## വയനാട്- തിരഞ്ഞെടുപ്പ്

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിലെ കോൺഗ്രസ് സ്ഥാനാർത്ഥിയായി പ്രിയങ്ക ഗാന്ധി നാളെ നാമനിർദ്ദേശപത്രിക സമർപ്പിക്കും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേയ്ക്കും, കോൺഗ്രസ് നേതാക്കളായ രാഹുൽഗാന്ധിക്കും സോണിയ ഗാന്ധിക്കും ഒപ്പം കൽപ്പറ്റയിൽ നടക്കുന്ന റോഡ്ഷോയിൽ പങ്കെടുത്ത ശേഷമായിരിക്കും പത്രിക സമർപ്പിക്കുക. എൽഡിഎഫ് സ്ഥാനാർഥി സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസും മറ്റന്നാളാണ് പത്രിക സമർപ്പിക്കുക. സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പുകൾക്ക് നാമനിർദ്ദേ ശാ പത്രിക സമർപ്പിക്കാനുള്ള സമയപരിധി വെള്ളിയാഴ്ച വരെയാണ്. വയനാട്ടിലും, നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലും മുന്നണികൾ

പ്രചാരണ പരിപാടികൾ ഊർജിതമാക്കിയിരിക്കുകയാണ്. അടുത്ത മാസം 13-നാണ് മൂന്നിടത്തും വോട്ടെടുപ്പ്.

RNU TVPM

&&&&&&&&&&&&&&&&&&

**എഡിഎം നവീൻ ബാബു- കെ രാജൻ**

എഡിഎം നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട് സമഗ്രമായ

അന്വേഷണം നടക്കുന്നുണ്ടെന്നും കുറ്റവാളികളെ സർക്കാർ സംരക്ഷിക്കില്ലെന്നും റവന്യൂ മന്ത്രി കെ രാജൻ. അന്തിമ റിപ്പോർട്ട് ലഭിച്ചതിന് ശേഷം ഇക്കാര്യത്തിൽ കൃത്യമായ നടപടിയെടുക്കുമെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

നവീൻ ബാബുവിൻറെ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുന്നതിനായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇന്ന് മലയാലപ്പുഴയിലെ വീട്ടിൽ എത്തി. കേസന്വേഷണവുമായി ബന്ധപ്പെട്ട് അതൃപ്തിയുണ്ടായാൽ അക്കാര്യം നേരിട്ട് രാജ്ഭവനെ അറിയിക്കാമെന്ന് ഗവർണർ കുടുംബാംഗങ്ങളോട് പറഞ്ഞു. സ്പീക്കർ എ.എൻ ഷംസീറും ഇന്ന് നവീൻ ബാബുവിൻറെ വസതിയിലെത്തി അനുശോചനങ്ങൾ അറിയിച്ചു. അതേസമയം സംഭവത്തിൽ ആരോപണവിധേയയായ മുൻ ജില്ലാ പഞ്ചായത്ത് പി.പി ദിവ്യയെ പോലീസ് അറസ്റ്റ് ചെയ്യാൻ വൈകുന്നതിനെ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ രൂക്ഷമായി വിമർശിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

## കണ്ണൂർ ജില്ല കളക്ടർ

കണ്ണൂർ ADM നവീൻ ബാബുവിൻറെ യാത്രയയപ്പ് ചടങ്ങിലേക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്

ആയിരുന്ന പി.പി ദിവ്യയെ വിളിച്ചിട്ടില്ലെന്ന മൊഴി ആവർത്തിച്ച് കണ്ണൂർ ജില്ലാ കളക്ടർ അരുൺ കെ വിജയൻ. പൊലീസിന് നൽകിയ മൊഴിയിലാണ് കളക്ടർ നിലപാട് ആവർത്തിച്ചത്.

&&&&&&&&&&&&&&&&&&

**റോഷി അഗസ്റ്റിൻ**

സംസ്ഥാനത്തെ ഭൂജലസ്രോതസുകളുടെ സമ്പൂർണ്ണ വിവരശേഖരണ പരിപാടിയായ വെൽ സെൻസസിൻറെ സംസ്ഥാനതല ഉദ്ഘാടനം ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ ഇടുക്കി തോപ്രാംകുടിയിൽ നിർവഹിച്ചു. ഭൂഗർഭജലത്തിൻറെ അളവ് കുറഞ്ഞ് വരുന്ന ഈ കാലഘട്ടത്തിൽ ജലത്തിൻറെ പ്രാധാന്യം സംബന്ധിച്ച അറിവ് പരമാവധി ജനങ്ങളിലേക്ക് എത്തേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. പ്രത്യേക പരിശീലനം നേടിയ കുടുംബശ്രീ പ്രവർത്തകരാണ് നീരറിവ് മൊബൈൽ ആപ്പ് ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുക. കിണറുകൾ, കുഴൽ കിണറുകൾ, കുളങ്ങൾ, നീരുറവകൾ, സുരംഗം, ഒലി തുടങ്ങി എല്ലാ ഭൂജല സ്രോതസ്സുകളുടെയും വിവരങ്ങൾ ഇതിലൂടെ ശേഖരിക്കും.

RNUTVPM

&&&&&&&&&&&&&&&&&&

**പാലക്കാട് (ഇൻട്രോ)**

രഥോത്സവത്തിനൊരുങ്ങി കൽപ്പാത്തി. ദേവരഥങ്ങൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. നവംബർ ആറ് മുതൽ 16 വരെയാണ് ഇക്കുറി രഥോത്സവം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്..........

(വോയിസ്)

&&&&&&&&&&&&&&&&&&

RNUTVPM

**ജലവിതരണം മുടങ്ങില്ല**

തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ഈ മാസം 23 ന് നടത്താനിരുന്ന ജലവിതരണ പൈപ്പ് ലൈനുകൾ ബന്ധിപ്പിക്കുന്ന ജോലികൾ സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചു. ഓൾ ഇന്ത്യ റേഡിയോ റോഡിലുള്ള പൈപ്പ് ലൈനുകൾ ആൽത്തറ - വഴുതക്കാട് റോഡിൽ പുതിയതായി സ്ഥാപിച്ച പൈപ്പ് ലൈനുമായി ബന്ധിപ്പിക്കുന്ന ജോലികളാണ് മാറ്റിവച്ചത്. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. ജലവിതരണം തടസ്സപ്പെടുമെന്ന് അറിയിച്ച പ്രദേശങ്ങളിൽ

അന്നേദിവസം സാധാരണഗതിയിൽ ജലവിതരണം നടക്കുമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

&&&&&&&&&&&&&&&&&&

**.സിദ്ദിഖ്**

ബലാത്സംഗ കേസിൽ നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് സുപ്രീം കോടതി രണ്ടാഴ്ചത്തേക്ക് മാറ്റി. കേസിൽ കോടതി നൽകിയ ഇടക്കാല ജാമ്യം തുടരും. സത്യവാങ്മൂലം സമർപ്പിക്കാൻ സമയം ആവശ്യപ്പെട്ടുള്ള സിദ്ധിക്കിൻറെ ആവശ്യം കോടതി അംഗീകരിച്ചു.

&&&&&&&&&&&&&&&&&&

**ക്യാൻറീൻ- പല്ലി**

തിരുവനന്തപുരം ശ്രീകാര്യത്തെ CET എഞ്ചിനീയറിങ് കോളേജ് ക്യാൻറീനിൽ വിളമ്പിയ സാമ്പാറിൽ ചത്ത പല്ലിയെ കണ്ടെത്തി. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കോളേജിൽ എത്തി പരിശോധന നടത്തിയശേഷം പിഴ ഈടാക്കുകയും ക്യാൻറീൻ താത്കാലികമായി അടപ്പിക്കുകയും ചെയ്തു. വിഷയത്തിൽ വിദ്യാർത്ഥികൾ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു.

&&&&&&&&&&&&&&&&&&

**ഐ എസ് എൽ**

RNU TVPM

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ – ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 7.30 ന് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

**വയനാട് – കടുവ**

വയനാട് ആനപ്പാറയിൽ വീണ്ടും കടുവയിറങ്ങി. കടുവയുടെ ദൃശ്യങ്ങൾ വനം വകുപ്പ് സ്ഥാപിച്ച ക്യാമറയിൽ പതിഞ്ഞിട്ടുണ്ട്. ഒന്നിലധികം കടുവകൾ പ്രദേശത്തുള്ളതായാണ്

നാട്ടുകാരുടെ സംശയം. കടുവയെ പിടികൂടാനുള്ള നടപടികൾ ആരംഭിച്ചെന്ന് വനം വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

**തിരുവനന്തപുരം-കരടി**

RNU TVPM

തിരുവനന്തപുരം വെള്ളറടയിൽ കരടിയെ കണ്ടതായി നാട്ടുകാർ. ചെറുകര വിളാകത്ത് രണ്ട് ദിവസം മുൻപാണ് റബർ ടാപ്പിംഗ് തൊഴിലാളികൾ കരടിയെ കണ്ടത്. ആനപ്പാറ പെട്രോൾ പമ്പിനു സമീപത്ത് നിന്ന് കരടിയുടെ സി സി ടി വി ദൃശ്യങ്ങൾ വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്. പ്രദേശത്ത് ജാഗ്രതാ നിർദ്ദേശം നൽകിയിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

## ആർ. ബിന്ദു- കെ.ആർ. നാരായണൻ

മുൻരാഷ്ട്രപതി കെ.ആർ. നാരായണൻറെ അർധകായ പ്രതിമ മന്ത്രി ആർ. ബിന്ദു അനാച്ഛാദനം ചെയ്തു. കോട്ടയം കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസസ് ആൻഡ് ആർട്സിലാണ് പ്രതിമ അനാച്ഛാദനം ചെയ്തത്. പ്രതിമ രൂപകൽപന ചെയ്ത ശിൽപി, സി. എൻ. ജിതേഷിനെ മന്ത്രി ചടങ്ങിൽ ആദരിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 27 ന്. പരിപാടിയുടെ 115-

ാ ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങൾ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

**ഓഹരി+ സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 931 പോയിൻറ് നഷ്ടത്തിൽ 80,220 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 309 പോയിൻറ് നഷ്ടത്തിൽ 24,472ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ മാറ്റമില്ല. പവന് 58,400 രൂപയും ഗ്രാമിന് 7,300 രൂപയുമാണ് വില.

RNUTVPM

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&